ഉന്നയിച്ചിട്ടുള്ളത്. 1981–ൽ എടുത്ത തീരുമാനം 1982–ൽ വന്ന ഗവൺമെൻറ് റദ്ദുചെയ്തുവെന്നത് ശരിയാണ്. അത് മന്ത്രിസഭാ തീരുമാനമാണ്. കാരണം ഗവൺമെൻറ് ഗ്യാരൻറി കൊടുക്കാൻ തീരുമാനിച്ച ആ സന്ദർഭത്തിൽ ആ കമ്പനിയും കമ്പനിയുടെ ഉടമയായ ഡാൽമിയായും അവിടെ ഉണ്ടായിരുന്ന പഴയ ലയബിലിറ്റിയെ സംബന്ധിച്ച് ഒരു തീരുമാനവുമെടുത്തിരുന്നില്ല. ലയബിലിറ്റി അവിടെയുണ്ടോ, എത്രമാത്രം ഗവൺമെൻറിന് ബാദ്ധ്യതയുണ്ട്, ഏതെല്ലാം കടങ്ങളുണ്ട് എന്നൊന്നും കണക്കാക്കിയിരുന്നില്ല. അങ്ങനെയെടുക്കുന്ന തീരുമാനം ഈ ഗവൺമെൻറ് ശരി വയ്ക്കുകയാണെങ്കിൽ ഭാവിയിൽ ഡാൽമിയാ എവിടെയെങ്കിലും പോയി ഉണ്ടാക്കിവയ്ക്കുന്ന ബാദ്ധ്യത ഈ ഗവൺമെൻറിനാകുമെന്നു കണ്ടതുകൊണ്ടാണ് അത് വേണ്ടെന്നുവച്ചത്. അതേയവസരത്തിൽ കോടതിയിൽ ലിക്വിഡേഷന് വന്നപ്പോൾ ഈ ഗവൺമെൻറ് കെ.എസ്.ഐ.ഡി.സി.യെ കൊണ്ട് ഒരു പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി. കെ.എസ്.ഐ.ഡി.സി. പറഞ്ഞത് ഒരു പുതിയ കമ്പനി ഉണ്ടാക്കുകയോ, സ്റ്റേറ്റിൽ കോംപ്ലക്സിനെക്കൊണ്ട് ഏറ്റെടുപ്പിക്കുകയോ അല്ലെങ്കിൽ എഫ്.എ.സി.ടി എഞ്ചിനീയറിംഗ് വർക്സിനെ ഏൽപ്പിക്കുകയോ ചെയ്യണമെന്നാണ്. പൊതുമേഖലാസ്ഥാപനമായ എഫ്.എ.സി.ടി. യുമായും ചർച്ച നടത്തി. അതിനിടയിൽ പഴയ ചില തൊഴിലാളികളും കോടതിയെ സമീപിച്ച് ഇത് എഫ്.എ.സി.ടി. യെക്കൊണ്ട് ഏറ്റെടുപ്പിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. അഡ്വക്കേറ്റ് ജനറൽ ബാങ്കിൻറെ പ്രതിനിധികളുമായും 27–1–1986–ൽ ഇൻഡസ്ട്രീസ് കമ്മീഷണറുമായും ചർച്ച നടത്തി. അതിനുശേഷം ഏതാണ്ട് ഒരു ധാരണയിലെത്തി. അതിനെത്തുടർന്ന് ചില അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായപ്പോൾ 10–4–1986–ൽ ഞാൻ തന്നെ ഒരു യോഗം വിളിച്ചുകൂട്ടി. അന്ന് എഫ്.എ.സി.ടി 130 ലക്ഷം രൂപ ഓഫർ ചെയ്തു. പണ്ട് 150 ലക്ഷം രൂപയ്ക്ക് സമ്മതിച്ച ബാങ്ക് ഇപ്പോൾ പറയുന്നത് 200 ലക്ഷം രൂപയ്ക്ക് വേറെയാളുണ്ടെന്നാണ്. അതേയവസരത്തിൽ 150 ലക്ഷം രൂപയ്ക്ക് എഫ്.എ.സി.ടി.യെ കൊണ്ട് ഏറ്റെടുപ്പിക്കുവാൻ ഗവൺമെൻറ് ശ്രമിക്കുകയാണ്. ഒരു കമ്പനി ഏറ്റെടുക്കുമ്പോൾ അതിൻറെ പഴയകാല ബാദ്ധ്യതകളെ സംബന്ധിച്ച് ശരിയായ പഠനം നടത്തിയശേഷം മാത്രമേ ഏറ്റെടുക്കുകയുള്ളു. ശ്രീ. പീതാംബരൻ മാസ്റ്ററുടെ വികാരം എനിക്കറിയാം. ഗവൺമെൻറ് ബാദ്ധ്യത ഏറ്റെടുക്കുമ്പോൾ ചില ചട്ടങ്ങളും നിയമങ്ങളും നോക്കേണ്ടതുണ്ട്. അത് നോക്കാതെ ചെയ്യാൻ നിർവ്വാഹമില്ല. എഫ്.എ.സി.ടി. യെക്കൊണ്ട് ഇത് ഏറ്റെടുപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നടത്തിയ എല്ലാ ഗൂഢസൂചനകളേയും ഞാൻ നിഷേധിക്കുന്നു.

(2) കാസർകോഡിൻറെ വടക്കൻ പ്രദേശം കർണ്ണാടകത്തോട് ചേർക്കണമെന്ന വാദം

ശ്രീ. കെ.സി. ജോസഫ്: സർ, സംസ്ഥാനങ്ങൾ തമ്മിലുള്ള അതിർത്തിത്തർക്കങ്ങളും ഏറ്റവും രൂക്ഷമായ സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. പഞ്ചാബിലേയും ഹരിയാനായിലേയും അനുഭവങ്ങൾ ഇൻഡ്യയുടെ അഖണ്ഡതയ്ക്കും ഐക്യത്തിനും ഭീഷണിയായി മാറിയിരിക്കുന്നു. ബൽഗാമിലുണ്ടായിരിക്കുന്ന തർക്കത്തെപ്പറ്റി നമുക്കറിയാം. ദേശീയ പാർട്ടിയെന്നു പറയുന്ന കോൺഗ്രസ് (എസ്) ൻെറ

LIBRARY ARCHIVES Kerala Legislative Assembly

നേതാവായ ശരദ് പവാറും ജനതാപാർട്ടിയുടെ നേതാവ് ശ്രീ. എസ്.എം. ജോഷിയും അടക്കമുള്ള ആളുകളാണ് ഈ തർക്കത്തിന് നേതൃത്വം കൊടുത്തത്. അതിന്റെ അലയടികൾ ഇപ്പോൾ കാസർകോട് എത്തിയിരിക്കുകയാണ്. ചന്ദ്രഗിരിപ്പുഴയുടെ വടക്കുഭാഗത്തുള്ള കേരളത്തിന്റെ അതിർത്തിയിൽ പെട്ട പ്രദേശങ്ങൾ കർണ്ണാടകത്തിന്റെ ഭാഗമാണെന്ന് അവകാശപ്പെട്ടുകൊണ്ട് സമരത്തിലേക്ക് കർണ്ണാടക സമിതി നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1956-ൽ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ കമ്മിറ്റി അംഗീകരിച്ച അതിർത്തികൾ പുനർനിർണ്ണയിക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണ്. രാഷ്ട്രീയമായ മുതലെടുപ്പിനുവേണ്ടി രാഷ്ട്രീയ പാർട്ടി നേതാക്കൻമാർ ആഴിച്ചുവിടുന്ന വിഭാഗീയമായ ഇത്തരം സമരം വളരെ രൂക്ഷമായ സ്ഥിതിയിലേക്ക് മാറാൻ പോകുകയാണ്. ബൽഗാമിലുണ്ടായ സമരത്തിന്റെയും പഞ്ചാബ്, ഹരിയാന സമരത്തിന്റെയും അലയടികൾ കാസർകോഡ് ഉണ്ടാകാതിരിക്കാൻ, കാസർകോട്ടെ ജനങ്ങൾക്ക് സൈരമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. മഹാജൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമായി അറിയിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മഹാജൻ കമ്മീഷൻ റിപ്പോർട്ട് ഏകപക്ഷീയമാണെന്നുള്ളതുകൊണ്ടു തന്നെ 1976-ൽ സംസ്ഥാന ഗവൺമെന്റ് അത് തള്ളിയതാണ്. സ്റ്റേറ്റ് റീ-ഓർഗനൈസേഷനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പ്രദേശം ഒരു സംസ്ഥാനത്തോട് ചേർക്കുന്നതിന് ഗൈഡ്ലൈനിൽ പറഞ്ഞിട്ടുള്ളത് ഒരു ജില്ലയിൽ 70 ശതമാനം ആളുകൾ ഏതെങ്കിലും പ്രത്യേക ഭാഷ സംസാരിക്കുകയാണെങ്കിൽ ആ ആളുകൾ ഉൾക്കൊള്ളുന്ന പ്രദേശം, ആ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളോട് തൊട്ടുകിടക്കുന്ന സംസ്ഥാനത്തോട് ചേർക്കാമെന്നുള്ളതാണ്. എന്നാൽ കാസർകോഡിനെ സംബന്ധിച്ചിടത്തോളം അന്നത്തെ കണക്കനുസരിച്ച് ജനസംഖ്യയിൽ 73 ശതമാനം ആളുകൾ മലയാളം സംസാരിക്കുന്നവരാണ്. അതിൽ 8 ശതമാനം മാത്രമേ കർണ്ണാടകം സംസാരിക്കുന്നവരുള്ളു. 13 ശതമാനം തുളു സംസാരിക്കുന്നയാളുകളാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഭാഷയുടെ അടിസ്ഥാനത്തിൽ പുനഃസംവിധാനം ചെയ്ത പുനഃസംഘടന ഒരു നിലയിലും പുനരാലോചിക്കേണ്ടതില്ല എന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ്. കർണ്ണാടകമായാലും മറ്റ് ഏത് സംസ്ഥാനമായാലും ഇന്ന് നിലവിലുള്ള സ്റ്റേറ്റിന്റെ കാര്യത്തിൽ യാതൊരുവിധ മാറ്റവും വരുത്താൻ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുന്നതല്ല.. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിനോട് സഹായകമായ നിലപാട് സ്വീകരിക്കുമെന്നാണ് വിശ്വാസം.

(3) ചാലിയം കടപ്പുറത്ത് മൽസ്യത്തൊഴിലാളികൾക്കു നേരിട്ട നാശനഷ്ടങ്ങൾ

ശ്രീ. കെ. മൂസ്സക്കുട്ടി: സർ, കഴിഞ്ഞ 17-ാം തീയതിയുണ്ടായ അതിശക്തമായ കടൽക്ഷോഭത്തിന്റെ ഫലമായി ചാലിയം കടപ്പുറത്ത് കടലിൽപ്പോയ 7 തോണിയിലെ 35-ഓളം മൽസ്യത്തൊഴിലാ
11 a.m.] ളികൾ വലിയ അപകടത്തിൽപ്പെടുകയും അവസാനം വളരെ മണിക്കൂറുകൾക്കുശേഷം നാട്ടുകാർ മറ്റു സജ്ജീകരണങ്ങളോടെ കടലിൽപ്പോയി 33-ഓളം പേരെ രക്ഷപ്പെടുത്തി, എന്നാൽ 2 പേരെ

LIBRARY ARCHIVES Kerala Legislative Assembly